DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

13.06.2019

# കാർഷികമേഖലാവാർത്തകൾ

## ശാസ്ത്രീയ തെങ്ങുകൃഷി പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡിൽ വച്ച് ശാസ്ത്രീയ തെങ്ങു കൃഷി എന്ന വിഷയത്തിൽ പരിശീലനം നാളെ രാവിലെ 10 മണിമുതൽ നടത്തപ്പെടുന്നതാണ്. വിത്തു തേങ്ങാ ശേഖരണം, നഴ്സറി പരിപാലനം, തൈകളുടെ തെരഞ്ഞെടുപ്പ്, ശാസ്ത്രീയ തെങ്ങുകൃഷി പരിപാലന മുറകൾ, രോഗ, കീട നിയന്ത്രണം എന്നിവ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് 4 മണിക്ക് മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐ എസി എ ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ., തടിയൂർ, തിരുവല്ല 689545 എന്ന വിലാസത്തിലോ 0469 2662094 എന്ന ഫോൺ നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

തിരുവനന്തപുരം പെരിങ്ങമ്മല ബനാന നഴ്സറിയിൽ ഗുണനിലവാരമുള്ള വേരുപിടിപ്പിച്ച കരിമുണ്ട ഇനം കുരുമുളക് വള്ളികൾ 8 രൂപ നിരക്കിലും, വിഗോവ, കുട്ടനാടൻ എന്നീ ഇനം

താറാവുകുഞ്ഞുങ്ങൾ 300 രൂപ നിരക്കിലും വിൽപനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495629838 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പച്ചക്കറി തൈകൾ വിതരണം

പച്ചക്കറി വികസന പദ്ധതി പ്രകാരം തൃക്കടവൂർ കൃഷിഭവനിൽ നിന്നും വിവിധ ഇനം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ കരമടച്ച രസീതിന്റെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് തൃക്കടവൂർ കൃഷി ഓഫീസർ അറിയിക്കുന്നു.

## അറിയിപ്പ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9447041897, 9895666968 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കോട്ടയം ജില്ലയിലെ മുളക്കുളം മൃഗാശുപത്രിയിൽ 60 ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 100 രൂപ വിലയ്ക്ക് ഇന്ന് രാവിലെ 10 മണി മുതൽ വിൽപന നടത്തുമെന്ന് വെറ്റിനറി സർജൻ അറിയിച്ചു. താൽപര്യമുള്ളവർ മുളക്കുളം മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19 തീയതികളിൽ 2 ദിവസത്തെ തീറ്റപ്പുൽകൃഷി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 17-ാം തീയതിക്കു മുമ്പായി ഫോൺ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേരെ മാത്രമേ പരിശീലനത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. ഇതിനുമുൻപ് ഈ സ്ഥാപനത്തിൽ നിന്നും ഈ വിഷയത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളവർ പങ്കെടുക്കാൻ പാടുള്ളതല്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 – 2440911

## അറിയിപ്പ്

കരുവാറ്റ കൃഷി ഭവൻ പരിധിയിൽ വരുന്ന കരനെൽകൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർ കരുവാറ്റ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ പരിശീലനം

റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ

ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ജൂൺ 17 മുതൽ 21 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപയാണ്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04812353325, 2353127 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in.